**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1573** **07-02-2023 - ൽ മറുപടിയ്ക്ക്**

**പുതുതായി റീസർവെ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി റീസർവെ നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകൾ ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ 4 വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858 കോടി രൂപയുടെ ബൃഹത് പദ്ധതി സർക്കാർ വിഭാവനം ചെയ്തുകൊണ്ട് ആദ്യ ഘട്ടത്തിന് 438.46 കോടി രൂപ അനുവദിക്കുകയും 2022 നവംബർ 1 ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് ടി പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട് പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 200 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ ആരംഭിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി 1500 സർവ്വെയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാറടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. സർവ്വേയർമാരുടെ എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവ നടത്തി 711 സർവ്വേയർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള എഴുത്ത് പരീക്ഷ പൂർത്തിയാക്കി ഇന്റർവ്യൂ നടപടികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.<br><br>നൂതന സർവ്വെ ഉപകരണങ്ങളായ CORS, Real Time Kinematic Rover (RTK), Robotic-ETS, Tablet PC, എന്നീ ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചാണ് സർവ്വെ നടത്തുന്നത്. സംസ്ഥാനത്ത് ആവശ്യമായ 28 Continuously Operating Reference Stations (CORS) സർവ്വെ ഓഫ് ഇൻഡ്യയുടെ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ളതും ആയത് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതുമാണ്. കൂടാതെ |

| | | | |
|---|---|---|---|
| | | | സർവ്വെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തിയാക്കി Real Time Kinematic Rover (RTK) 1000 എണ്ണം, Robotic-ETS മെഷീൻ 200 എണ്ണം, Tablet PC 1200 എണ്ണം എന്നിവയ്ക്ക് വിതരണാനുമതി നൽകിയിട്ടുള്ളതും, ഇതിൽ Real Time Kinematic Rover (RTK)- 350 എണ്ണം, Robotic-ETS മെഷീൻ-70 എണ്ണം, Tablet PC-420 എണ്ണം എന്നിവ ലഭ്യമായിട്ടുള്ളതും ആയത് ജില്ലകളിൽ വിതരണം ചെയ്തിട്ടുള്ളതുമാണ്.<br><br>പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് സർവ്വെ നടത്തുന്നത്. ഇതിലേക്കായി "എന്റെ ഭൂമി" എന്ന പേരിൽ സമഗ്രമായ ഒരു പോർട്ടൽ NIC മുഖേന തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയിൽ പൂർണ്ണ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സർവെ എപ്പോൾ ആരംഭിക്കുമെന്നും എത്ര കാലം കൊണ്ട് പൂർത്തിയാക്കുമെന്നും അറിയിക്കാമോ? | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകൾ ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ 4 വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858 കോടി രൂപയുടെ ബൃഹത് പദ്ധതി സർക്കാർ വിഭാവനം ചെയ്തുകൊണ്ട് ആദ്യ ഘട്ടത്തിന് 438.46 കോടി രൂപ അനുവദിക്കുകയും 2022 നവംബർ 1 ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച കൊണ്ട് ടി പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട് പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 200 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ ആരംഭിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി 1500 സർവ്വെയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാറടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. സർവ്വേയർമാരുടെ എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവ നടത്തി 711 സർവ്വേയർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള എഴുത്ത് പരീക്ഷ |

| | | | | |
|---|---|---|---|---|
| | | | | പൂർത്തിയാക്കി ഇന്റർവ്യൂ നടപടികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.<br><br>നൂതന സർവ്വെ ഉപകരണങ്ങളായ CORS, Real Time Kinematic Rover (RTK), Robotic-ETS, Tablet PC, എന്നീ ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചാണ് സർവ്വെ നടത്തുന്നത്. സംസ്ഥാനത്ത് ആവശ്യമായ 28 Continuously Operating Reference Stations (CORS) സർവ്വെ ഓഫ് ഇൻഡ്യയുടെ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ളതും ആയത് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതുമാണ്. കൂടാതെ സർവ്വെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തിയാക്കി Real Time Kinematic Rover (RTK) 1000 എണ്ണം, Robotic-ETS മെഷീൻ 200 എണ്ണം, Tablet PC 1200 എണ്ണം എന്നിവയ്ക്ക് വിതരണാനുമതി നൽകിയിട്ടുള്ളതും, ഇതിൽ Real Time Kinematic Rover (RTK)- 350 എണ്ണം, Robotic-ETS മെഷീൻ-70 എണ്ണം, Tablet PC-420 എണ്ണം എന്നിവ ലഭ്യമായിട്ടുള്ളതും ആയത് ജില്ലകളിൽ വിതരണം ചെയ്തിട്ടുള്ളതുമാണ്.<br><br>പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് സർവ്വെ നടത്തുന്നത്. ഇതിലേക്കായി “എന്റെ ഭൂമി” എന്ന പേരിൽ സമഗ്രമായ ഒരു പോർട്ടൽ NIC മുഖേന തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയിൽ പൂർണ്ണ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ